# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 157 01.12.2014 ൽ മറുപടിക്ക്

## കണ്ണൂർ വിമാനത്താവള നിർമ്മാണത്തിന്റെ രണ്ടാംഘട്ട പദ്ധതി പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ: | | കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവള നിർമ്മാണത്തിന്റെ രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുന്ന പ്രവർത്തികൾ ഏതെല്ലാമാണ് ; | (എ) | വിശദമായ പ്രൊജക്ട് റിപ്പോർട്ട് (DPR) അനുസരിച്ച് രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ താഴെ പറയുന്നവയാണ്.<br>റൺവെ - രണ്ടാംഘട്ട പദ്ധതിയിൽ റൺവെയുടെ നീളം 3050 ൽ നിന്നും 3400 മീറ്റർ ആയി വർദ്ധിപ്പിക്കും. (വർദ്ധന 350 മീറ്റർ)<br>ഏപ്രൺ - കൂടുതലായി 12 പാർക്കിംഗ് ബേ<br>പാരലൽ ടാക്സി - മുഴുവൻ നീളത്തിൽ<br>ടെർമിനൽ ബിൽഡിംഗ് - 2500 പാസഞ്ചേഴ്സിനെ മണിക്കൂറിൽ കൈകാര്യം ചെയ്യുന്നതിനുള്ള കപ്പാസിറ്റി. |
| (ബി) | രണ്ടാംഘട്ട പദ്ധതി പ്രർത്തനങ്ങളുടെ ഓരോന്നിന്റെയും അടങ്കൽ തുക എത്രയാണ്; ; | (ബി) | വിശദമായ പ്രൊജക്ട് റിപ്പോർട്ട് (DPR) അനുസരിച്ച് രണ്ടാംഘട്ട പദ്ധതി പ്രവർത്തനങ്ങളായ എയർസൈഡിന് 152 കോടിയും സിറ്റിസൈഡിന് 1352 കോടിയും ഉൾപ്പെടെ മൊത്തം അടങ്കൽ തുക 1804 കോടി രൂപയാണ്. |
| (സി) | പ്രസ്തുത പ്രവൃത്തികൾ ടെൻണ്ടർ ചെയ്യുകയും ടെൻഡർ അംഗീകരിച്ച് വിവിധ സ്ഥാപനങ്ങൾക്ക് പ്രവൃത്തി ഏൽപ്പിച്ച് നൽകുകയും ചെയ്തതെന്നാണ്; | (സി) | രണ്ടാംഘട്ട പദ്ധതി പ്രവൃത്തികളുടെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ 2025 -ാം ആണ്ടിലാണ് തുടങ്ങുവാനുദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം സ്ഥാപനങ്ങളാണ് ഓരോ പ്രവൃത്തിയും ഏറ്റെടുത്തിട്ടുള്ളത് ; | (ഡി) | ബാധകമല്ല. |
| (ഇ) | രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എന്നാണ് ആരംഭിച്ചത് എന്നു വ്യക്തമാക്കുമോ; | (ഇ) | രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികളുടെ ടെണ്ടർ 2025 ൽ ആരംഭിച്ചു പൂർത്തിയാക്കിയശേഷം നിർമ്മാണം തുടങ്ങുന്നതാണ്. |
| (എഫ്) | പ്രസ്തുത പ്രവർത്തനങ്ങൾ ഓരോന്നും പൂർത്തീകരിക്കുവാൻ നിശ്ചയിച്ചിട്ടുള്ള വർക്ക് ഷെഡ്യൂൾ എപ്രകാരമാണെന്നു വ്യക്തമാക്കുമോ? | | 2025 ൽ തുടങ്ങി 2028 ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ